# ഇനി തെങ്ങു കയറാൻ വികാരിയച്ചനും

**സ്വന്തം ലേഖകൻ**

എടക്കര ● കുർബാന കഴിഞ്ഞുവന്ന വികാരിയച്ചൻ ളോഹ പോലും അഴിച്ചുവയ്ക്കാതെ നേരെ തെങ്ങുകയറുന്നത് കണ്ടപ്പോൾ പള്ളിയിലെത്തിയവർക്ക് ആശ്ചര്യം. ആരോ പറഞ്ഞു, പള്ളിവളപ്പിലെ തെങ്ങ് കയറാൻ ഇനി ആളെ തിരയേണ്ട; അച്ചൻ തന്നെ തെങ്ങ് കയറാൻ പഠിക്കുകയാണ്. സംഗതി സത്യമാണ്. മുപ്പിനി സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയത്തിലെ വികാരി ഫാ. ജോൺ മനയിലാണ് യന്ത്രമുപയോഗിച്ച് തെങ്ങുകയറ്റം പരിശീലിക്കുന്നത്.

നാളികേര വികസന ബോർഡ് മൂത്തേടം ഫെഡറേഷന്റെ കീഴിലുള്ള തെങ്ങുകയറ്റം ചങ്ങാതിക്കൂട്ടം മുപ്പിനിയിൽ പരിശീലനം നൽകുന്നതറിഞ്ഞപ്പോൾ ഒരു കൈ നോക്കാൻ നാൽപ്പത്തഞ്ചുകാരനായ ഫാ. ജോൺ തീരുമാനിക്കുകയായിരുന്നു. പള്ളിമുറ്റത്തെ തെങ്ങിൽത്തന്നെയാണ് പരിശീലനം.

ചങ്ങാതിക്കൂട്ടത്തിന്റെ മൂന്നാം ബാച്ചിന്റെ പരിശീലനമാണ് പുരോഗമിക്കുന്നത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മദ്രസാഅധ്യാപകർ, ഡ്രൈവർമാർ തുടങ്ങി 44 പേർക്ക് പരിശീലനം നൽകി. മരുത ചിറയ്ക്കൽ യാസറും റോബി കാഞ്ഞിരത്തിങ്കലും ജൽസി യാസറുമാണ് പരിശീലകർ. സൗജന്യ പരിശീലനത്തോടൊപ്പം ഭക്ഷണവും താമസവും ഒരുവർഷത്തെ ഇൻഷുറൻസും നൽകുന്നുണ്ട്. പരിശീലനം പൂർത്തിയാക്കിയാൽ തെങ്ങുകയറ്റ യന്ത്രവും കിട്ടും. ഫോൺ: 9495361723.



ഫാ. ജോൺ മനയിൽ മുപ്പിനി സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളിവളപ്പിലെ തെങ്ങിൽ കയറി പരിശീലിക്കുന്നു.